പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1002 — 11.03.2015 ലെ മറുപടിയ്ക്ക്

സീ-പ്ലെയിൻ സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ ; | എ) | സീ-പ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം 02.06.2013 ൽ കൊല്ലം അഷ്ടമുടിയിൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചെങ്കിലും ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. |
| ബി) | സീ-പ്ലെയിൻ സർവ്വീസുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) | സീ-പ്ലെയിൻ പദ്ധതിയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നത്. കേന്ദ്ര സർക്കാർ ഏജൻസികളായ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡി.ജി.സി.എ.), ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്) മുതലായവയിൽ നിന്നു അനുമതി ലഭിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാർക്ക് "ഓപ്പൺ സ്കൈ പോളിസി" പ്രകാരം സർവ്വീസ് നടത്താവുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| സി) | സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇതു വരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ അഷ്ടമുടിയിലും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധന രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ തോതിലുള്ള ജലവിമാന സർവ്വീസ് താമസിയാതെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ